പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.348 | 07.08.2017 ൽ മറുപടിയ്ക്ക്

നിത്യോപയോഗ വസ്തുക്കളുടെ വിലവർദ്ധനവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അരി, പച്ചക്കറി എന്നിവയടക്കമുള്ള നിത്യോപയോഗ വസ്തുക്കളുടെ വില കുതിച്ചുയരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് അരി, പച്ചക്കറി എന്നിവയടക്കമുള്ള നിത്യോപയോഗ സാധനങ്ങൾക്ക് നേരിയ തോതിലുള്ള വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അരി, തക്കാളി, ചെറിയ ഉള്ളി തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ വില ഇപ്പോൾ കിലോയ്ക്ക് എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിന്റെ 01.08.2017 ലെ പത്രിക പ്രകാരം പൊതുവിപണിയിൽ മട്ട അരി കി. ഗ്രാമിന് 43.61 രൂപയും, ജയ അരി കി. ഗ്രാമിന് 41.67 രൂപയും, കുറുവ അരി കി. ഗ്രാമിന് 39 രൂപയും, പച്ചരി കി. ഗ്രാമിന് 33.67 രൂപയും, തക്കാളി കി. ഗ്രാമിന് 51.71 രൂപയും, ചെറിയ ഉള്ളി കി. ഗ്രാമിന് 89.36 രൂപയുമാണ്. |
| (സി) സംസ്ഥാനത്ത് അടുത്ത അഞ്ചുവർഷത്തേക്ക് വിലക്കയറ്റമില്ല എന്ന സർക്കാരിന്റെ പ്രഖ്യാപനം തകിടം മറിക്കുന്നതാണ് ഇപ്പോഴത്തെ വിലക്കയറ്റമെന്ന് കരുതുന്നുണ്ടോ; | (സി) | ഈ സർക്കാർ അധികാരത്തിലേറിയ ശേഷം സപ്ലൈകോ സബ്സിഡി വിലയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. പൊതുവിപണിയിൽ വിലക്കയറ്റം ഉണ്ടാകുമ്പോഴും, ഉപഭോക്താക്കൾക്ക് ശരാശരി 40% വരെ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുവാൻ ഇതുവഴി സാധിക്കുന്നുണ്ട്. |
| (ഡി) എങ്കിൽ ഓണവും ബലിപെരുന്നാളും വന്നു ചേരുന്ന സാഹചര്യത്തിൽ നിത്യോപയോഗ വസ്തുക്കളുടെ വിലനിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ; | (ഡി) | ഉത്സവകാല വിപണിയിടപെടലിന്റെ ഭാഗമായി ജില്ലാ ഫെയറുകളും, താലൂക്ക് തല ഫെയറുകളും, പ്രത്യേക ഓണച്ചന്തകളും നടത്തുന്നതും സപ്ലൈകോ വിൽപ്പന ശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും, വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുവിപണിയിലെ അവശ്യ വസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്ന 13 ഇനം അവശ്യസാധനങ്ങൾക്ക് പുറമെ |

OMSS (Open Market Sale Scheme) പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയും ഓണക്കാലത്തും വിതരണം തുടരുന്നതാണ്. നിത്യോപയോഗ സാധനങ്ങൾക്കു പുറമേ പൊതുവിപണിയിലെ വിലയേക്കാൾ 10 മുതൽ 20 ശതമാനം വരെ കുറഞ്ഞ നിരക്കിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ പച്ചക്കറിയും ഓണം ഫെയറുകൾ വഴി വിതരണം നടത്തുന്നതാണ്.

(ഇ) കഴിഞ്ഞ ആറു മാസത്തിനിടയ്ക്ക് (ഇ) വിലക്കയറ്റം നിയന്ത്രിക്കാൻ കൈക്കൊണ്ട നടപടികളുടെ വിശദാംശം നൽകുമോ?

സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. മറ്റ് അവശ്യ സാധനങ്ങളും, FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും MRP യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

[signature]

സെക്ഷൻ ഓഫീസർ